ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - കേരള പി.എസ്.സി ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികളെ 41300-87000 രൂപ ശമ്പള നിരക്കിൽ സർക്കാർ പോളിടെക്നിക്ക് കോളേജ്/എഞ്ചിനീയറിങ് കോളേജ് എന്നിവിടങ്ങളിലെ കമ്പ്യൂട്ടർ എഞ്ചി. ഡെമോൺസ്ട്രേറ്റർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിൽ താത്ക്കാലികമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (സി) വിഭാഗം

നം.EC4/41911/17/DTE തിരുവനന്തപുരം, തീയതി : 04-08-2025

---

വായന :-

1.കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ സെക്രട്ടറിയുടെ 19.05.2025 ലെ RIC-1/29/2024-KPSC നമ്പർ നിയമന ശിപാർശ കത്ത്.
2. 05.03.1974-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.49/74/പിഡി.
3. 18.07.1974-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(എംഎസ്) നം.170/74/പിഡി.
4.29.03.1990-ലെ സർക്കാർ സർക്കുലർ മെമ്മോറാണ്ടം നം.3737/റൂൾസ് /1/90/പി&എആർഡി.
5.15.02.1991-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.7/91/പി&എആർഡി.
6.06.06.2011-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.15/2011/പി&എആർഡി.
7.30.06.2011-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.20/2011/പി&എആർഡി.
8.07.01.2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.20/2013/പി&എആർഡി.
9. 03.04.2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.149/2013.
10. 15.11.2016-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.171/2016/ഫിൻ

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ പോളിടെക്നിക്ക് കോളേജുകൾ, എഞ്ചിനീയറിങ് കോളേജുകൾ എന്നീ സ്ഥാപനങ്ങളിൽ **41,300-87,000/- രൂപ** ശമ്പള നിരക്കിൽ **കമ്പ്യൂട്ടർ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II** തസ്തികയിലെ നിയമനത്തിനായി താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ പരാമർശം (1) ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിരിക്കുന്നു. ആകയാൽ ഈ വകുപ്പിലെ **41,300-87,000/-**രൂപ ശമ്പള നിരക്കിലുള്ള **കമ്പ്യൂട്ടർ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II** തസ്തികയിലേക്ക് പ്രസ്തുത ഉദ്യോഗാർത്ഥികളെ 1958-യിലെ കേരള സ്റ്റേറ്റ് &

സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, റൂൾ 3(C), റൂൾ 9 (a) (i) എന്നിവയ്ക്ക് വിധേയമായി താത്ക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം, പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം യാതൊരു അറിയിപ്പും കൂടാതെ ഈ നിയമനം റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് തുടർന്നുള്ള പരിശോധനയിൽ തെളിയുന്ന മുറയ്ക്ക് മാത്രമേ ഉദ്യോഗാർത്ഥി ക്രമവൽക്കൃത നിയമനത്തിന് അർഹത നേടുകയുള്ളൂ. ഉദ്യോഗാർത്ഥികളുടെ നിയമനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽവിലാസവും | നിയമനം ലഭിച്ചിരിക്കുന്ന സ്ഥാപനം | പിഎസ്‌സി ടേൺ |
|---|---|---|---|
| 1. | AJIMI AMEER<br>PUTHENVEETIL(H)<br>THOTTATHILMUKKU<br>CLAPPANA P O,OACHIRA<br>KOLLAM-690525<br>Communication Address<br>PUTHENVEEDU<br>THOTTATHILMUKKU<br>CLAPPANA P O<br>KOLLAM-690525 | GOVT POLYTECHNIC COLLEGE, VANDIPAERIYAR | BC |
| 2. | JINI GABRIAL P<br>PULIKKOTTIL MAMMAYI PARAMBIL<br>THAIKKAD<br>THRISSUR, THAIKKAD | MAHARAJAs TECHNOLOGICAL INSTITUTE, THRISSUR | OC |
| 3. | THANIA KUMAR<br>EDAKKUDIYIL HOUSE<br>KACHERITHAZHAM<br>MUVATTUPUZHA 686661<br>ERNAKULAM<br>Communication Address<br>KARTHIKA,TCIV/688<br>MOOLAYIL VILAKAM<br>PANGAPPARA P O<br>695581 | GOVT POLYTECHNIC COLLEGE, KADUTHURUTHY | OC |
| 4 | JIPHI T S<br>TC 04/1640 SUPHI HOUSE<br>MANVILA | GOVT POLYTECHNIC | BC |

| | | | |
|---|---|---|---|
| | THIRUVANANTHAPURAM<br>KULATHOOR P O/695583 | COLLEGE,<br>NEDUMKANDAM | |
| 5 | DHANYA R NAIR<br>KALLATHOOR HOUSE<br>PULAKODE<br>THRISSUR<br>680586 | SREE RAMA<br>GOVT<br>POLYTECHNIC<br>COLLEGE,<br>THRIPRAYAR | EWS |
| 6 | ATHULYA KAMALASANAN<br>EDAYILA VEEDU<br>KOODAL<br>PATHANAMTHITTA<br>NEDUMONCAVU P O | GOVT<br>POLYTECHNIC<br>COLLEGE,<br>VANDIPAERIYAR | BC |
| 7 | GREESHMA A K<br>KADALIKKATIL<br>KURUPPAMPADY<br>ERNAKULAM<br>RAYAMANGALAM | GOVT<br>POLYTECHNIC<br>COLLEGE,<br>PURAPPUZHA | OC |
| 8 | JASEENA C A<br>PUTHANPURA HOUSE<br>CHULLIYODE POST<br>WAYANAD DIST<br>CHULLIYODE 673592 | GOVT<br>ENGINEERING<br>COLLEGE,<br>WAYANAD | BC |
| 9 | BINTU BALACHANDRAN<br>MOORIYEPADIKKAL<br>THIRUVAMBADY<br>PUNNAKKAL P O/673603<br>KOZHIKODE<br>Communication Address<br>72/3146<br>MANAKKATTU KUTTI<br>NILAM<br>NEAR GOVT ENGINEERING<br>COLLEGE<br>WESTHILL-673005 | RESIDENTIAL<br>WOMENS<br>POLYTECHNIC<br>COLLEGE,<br>PAYYANNUR | BC |
| 10 | SYCHANDRAN C S<br>PARAVILA PUTHEN VEEDU<br>PERUKAVU<br>THIRUVANANATHAPURAM<br>PERUKAVU 695573 | GOVT<br>POLYTECHNIC<br>COLLEGE,<br>MEPPADI | OC |
| | | | |

| | | | |
|---|---|---|---|
| 11 | SREELAKSHMY H PADMA VIHAR PALLICKAL NADUVILEMURI ALAPPUZHA-690503 | GOVT POLYTECHNIC COLLEGE, KADUTHURUTHY | OC |

2.ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി/സമുദായം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപന മേധാവികൾ മുൻപാകെ 22.08.2025 **ന് മുൻപായി** കർത്തവ്യനിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്. കൂടാതെ, കേരള സർവ്വീസ് ചട്ടം ഭാഗം 1 ചട്ടം 13-ൽ നിഷ്കർഷിക്കുന്ന രീതിയിൽ അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥി തന്റെ ഫോട്ടോയും വിരലടയാളവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ഈ നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. ഉദ്യോഗാർഥി സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ സ്ഥാപനമേധാവി മുൻപാകെ ഹാജരാക്കേണ്ടതാണ്.

3.ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം ടിയാളെ നിയമന ശിപാർശ ചെയ്ത കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ ടിയാൾക്കു പുനർനിയമനത്തിനായി പേര് റീ-രജിസ്റ്റർ ചെയ്യാവുന്നതും അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നത് വരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നാണോ വിട്ടയക്കപ്പെട്ടത് ആ തസ്തികയിൽ നിരീക്ഷണാർത്ഥിയായി തുടരാവുന്നതുമാണ്.

4.സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനനതീയതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5.സ്ഥാപനമേധാവി, ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസയോഗ്യത, ജനന തീയ്യതി, ജാതി/സമുദായം, ഫോട്ടോ, ഒപ്പ് എന്നിവ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻറെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പുമായി പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച വിവരം സ്ഥാപന മേധാവി യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

6.ബന്ധപ്പെട്ട സ്ഥാപന മേധാവി, ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി ഉദ്യോഗാർത്ഥിയിൽ നിന്നും പരാമർശം (3) ലെ സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വാഭാവവും പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപത്ര ഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതും ആയത് ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.

**7.** ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥി ഹാജരാക്കുന്ന അസ്സൽ നോൺ-ക്രീമിലയർ സർട്ടിഫിക്കേറ്റ് (ബാധകമാകുന്ന നിയമനങ്ങളിൽ മാത്രം) പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**8.** ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത്,കേരള പി.എസ്.സിയിൽ നിന്നും ലഭിച്ചിട്ടുള്ള അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കേറ്റ് സ്ഥാപന മേധാവി മുൻപാകെ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരു കാരണവശാലും ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നതല്ല. സ്ഥാപന മേധാവികൾ ഇത്തരത്തിൽ ഉദ്യോഗാർത്ഥി ഹാജരാക്കുന്ന വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കേറ്റിൽ ഉദ്യോഗാർത്ഥിയുടെ ഫോട്ടോയും ഒപ്പും പരിശോധിച്ച് ശരിയെന്ന് ബോധ്യപ്പെട്ടതായി സാക്ഷ്യപ്പെടുത്തേണ്ടതും,ആയവ പേഴ്സണൽ മെമ്മോറാൻറം ,പി എസ് സി പരിശോധനക്കായുള്ള സ്റ്റേറ്റ്മെൻറ് എന്നീ രേഖകളോടൊപ്പം ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.

**9.** പരാമർശം (8) & (9) എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി 01.04.2013 ന് ശേഷം നിയമിതരാകുന്ന ഉദ്യോഗാർത്ഥികളുടെ നിയമനം ദേശീയ പെൻഷൻ പദ്ധതിയിലുൾപ്പെടുത്തിയായിരിക്കും.

**10.** പരാമർശം (10) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ടിയാളുടെ പേരിലുള്ള സ്ഥാവര-ജംഗമ വസ്തുക്കളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രോഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും, ആയത് സേവനപുസ്തകത്തിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ANI ABRAHAM
SENIOR JOINT DIRECTOR (PS)

**Signed by Ani Abraham**
**Date: 04-08-2025 12:30:54**

സ്വീകർത്താവ്,
എല്ലാ ഉദ്യോഗാർഥികൾക്കും (By registered post with acknowledgement).
പകർപ്പ്
1. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേധാവികൾക്കും (ശിപാർശ കത്തിൻറെ പകർപ്പ്,അസൽ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സഹിതം)
2. സെക്രട്ടറി,കേരള പബ്ലിക് സർവീസ് കമ്മീഷൻ
3. അക്കൌണ്ടൻറ് ജനറൽ(എ&ഇ) കേരള,കോട്ടയം
4. ഇജി സെക്ഷൻ
5. ഔദ്യോഗിക വെബ്സൈറ്റ്(www.dtekerala.gov.in)
6. കരുതൽ/ഓഫീസ് പകർപ്പ്.